തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, ശ്രീ. വി.കെ.സി. പറഞ്ഞത് വളരെ ശരിയായ ഒരു സംഗതിയാണ്. 1937 മുതൽ കോഴിക്കോട് കോർപ്പറേഷൻ Night soil depot ആയിട്ട് പ്രവർത്തിച്ചുവരുകയാണ്. പിന്നെ കേർപ്പറേഷനുണ്ടായ കാലം തൊട്ട് അത് trenching ground ആയിട്ട് പ്രവർത്തിക്കുകയാണ്. മാലിന്യ സംസ്ക്കരണത്തിനുവേണ്ടി എക്സൽ ഇൻഡസ്ട്രീസ് (ബോംബെ) യുമായിട്ട് ചേർന്ന് 300 ടൺ സംസ്ക്കരണശേഷിയുള്ള ഒരു solid waste management plant സ്ഥാപിച്ചിരുന്നു. 2000 വരെ അത് പ്രവർത്തിച്ചിരുന്നു. 2000-ന് ശേഷം Vincent Agro Tech (Private) Ltd. എന്ന കമ്പനിയാണ് ഇത് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനുശേഷം ഇപ്പോൾ കേന്ദ്ര പരിസ്ഥിതി വനം വകുപ്പും കേരളാ സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡും കോഴിക്കോട് കോർപ്പറേഷനും സംയുക്തമായി ചേർന്നുകൊണ്ട് solid waste management സംവിധാനം ഉണ്ട്. 613 ലക്ഷം രൂപയാണ് അതിന് ചെലവ്. ആ പദ്ധതിയുടെ ഭാഗമായിട്ട് അവിടെ മേൽക്കൂര നിർമ്മിക്കുന്നതിനും പ്ലാന്റിന്റെ പരിസരത്ത് മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന sanitary land fill ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തികൾക്ക് ടെന്റർ വിളിച്ചിട്ടുണ്ട്. 24-2-2005-ലാണ് ടെന്റർ ലഭിച്ചിട്ടുള്ളത്. അത് പ്രകാരമുള്ള പ്രവർത്തികൾ 2005-ാമാണ്ടോടുകൂടി തന്നെ പൂർത്തീകരിക്കാൻ സാധിക്കും. വെള്ളത്തിന്റെ പ്രശ്നം ഇവിടെ പറഞ്ഞത് ശരിയാണ്. കോർപ്പറേഷന്റെ ചെലവിൽ ശുദ്ധജലം എത്തിക്കാനുള്ള സംവിധാനമുണ്ട്. പിന്നെ ഒരു greenbelt സ്ഥാപിക്കാൻവേണ്ടി 75.84 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ട്. അത് സംബന്ധിച്ച പ്രവർത്തികൾ 2005 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, ഇത് വേറൊരു സ്ഥലത്ത് കൊണ്ടുപോയി വയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷനെ നിർബന്ധിക്കുകയാണ്. ഈ വേസ്റ്റ് മറ്റൊരു സ്ഥലത്തേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള കോഴിക്കോട് കോർപ്പറേഷന്റെ പ്രൊപ്പോസൽ വരുകയാണെങ്കിൽ അതിന്റെ സാദ്ധ്യത നോക്കിയിട്ട് അത് പറയാം. ഏതായലും അത് വളരെ ഗൗരവമുള്ളതാണ്. ചെയ്യാൻ കഴിയുന്നതൊക്കെ ഗവൺമെന്റ് ചെയ്യുന്നതാണ്.

(2) ഫെബ്രുവരി 22-ാം തീയതിയിലെ ഹർത്താൽമൂലം എരുമേലിയിൽ ഒരാൾ മരണമടഞ്ഞ സംഭവം

ശ്രീ. ജോർജ് ജെ. മാത്യു : സർ, 22-2-2005-ൽ എരുമേലിയിൽ കനകപ്പലത്ത് മണ്ണുകത്ത് ഡെയ്സി രാജു ചികിത്സ ലഭിക്കാതെ മരണമടയുകയുണ്ടായി. ചികിത്സ ലഭിക്കാത്തതിന്റെ പ്രധാന കാരണം, അന്നേദിവസം എരുമേലിയിൽ അനാവശ്യമായി ബന്ദ് നടക്കുകയുണ്ടായി. ബന്ദിന് ആസ്പദമായ കുടിവെള്ളപ്രശ്നം സംബന്ധിച്ച് തലേദിവസം തന്നെ പഞ്ചായത്ത് ഏകകണ്ഠമായിട്ട് തീരുമാനം എടുത്ത കാര്യമാണ്. അനാവശ്യമായി ബന്ദ് നടത്തിയ സമയത്ത് ഡെയ്സി രാജുവിന് ശ്വാസം മുട്ടൽ ഉണ്ടാകുകയും അവരുടെ ചികിത്സയ്ക്കായി വാഹനം വിളിക്കാൻ പല ആളുകളും പല വഴിക്ക് പോയെങ്കിലും ബന്ദ് കാരണം ഒരു വാഹനവും വരാൻ തയ്യാറായില്ല. അവസാനം മടുത്ത് ഡെയ്സിയുടെ സഹോദര പുത്രനായ ജോയി ഒരു മോട്ടോർ

LIBRARY ARCHIVES Kerala Legislative Assembly

ബൈക്കിൽ വണ്ടി പിടിക്കാൻ പോവുകയുണ്ടായി. പോകുന്ന വഴിക്ക് മറ്റന്നൂർകരവച്ച് ജോയിയെ തടഞ്ഞ് തിരിച്ചയയ്ക്കുകയാണുണ്ടായത്. അവിടെ ബന്ദ് നടന്ന സമയത്ത് പോലീസുകാർ കാഴ്ചക്കാരായി നോക്കിനിൽക്കുകയായിരുന്നു എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ്. പ്രത്യേകിച്ച് മണിമല സ്റ്റേഷനും എരുമേലി സ്റ്റേഷനും അനാവശ്യമായ ബന്ദ് തടയുന്നതിന് യാതൊരു നടപടിയും എടുത്തില്ല. ഡെയ്സി രാജു ഒരു ആസ്ത്മ പേഷ്യന്റ് ആയിരുന്നു. അവർ ഒരു മണിക്കൂറിനകം ഓക്സിജൻ കിട്ടേണ്ട രോഗിയായിരുന്നു. സണ്ണി ഹോസ്പിറ്റലിൽ എത്തുന്നതിന് രണ്ട് മിനിട്ട് മുമ്പ് അവർ മരിക്കാനുള്ള സാഹചര്യമാണ് ഉണ്ടായത്. തീർച്ചയായിട്ടും അനാവശ്യമായ ബന്ദുമായിട്ട് ബന്ധപ്പെട്ട ആളുകളുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കണം. ഇനിമേലാൽ പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇങ്ങനെയുള്ള സംഭവങ്ങൾ ഒരിക്കലും ഉണ്ടാകാൻ പാടില്ല. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രശ്നം ഗവൺമെന്റ് ഗൗരവമായിട്ടാണ് കാണുന്നത്. അവിടെ ഒരു ഹർത്താൽ നടന്നു. ഹർത്താൽ അനുകൂലികൾ രാവിലെ വാഹനങ്ങൾ തടഞ്ഞതിനെ തുടർന്ന് വാഹനങ്ങളൊന്നും ഓടിക്കണ്ട എന്ന് അവിടത്തെ ടാക്സിഡ്രൈവർമാർ തീരുമാനിച്ചു. അന്ന് വാഹനങ്ങളൊന്നും ഓടിയില്ല. ഡെയ്സി രാജുവിന് അസുഖം വന്ന സമയത്ത് വണ്ടി കിട്ടിയില്ല. ഒരു സ്വകാര്യ വാഹനത്തിൽ എത്തിച്ചത് വൈകിപ്പോയി. അത് വിമർശനത്തിന് ഇടയായിട്ടുണ്ട്. അതിനെക്കുറിച്ച് സമഗ്രമായി അന്വേഷണം നടത്തും. പോലിസിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ ഇതിനോടകംതന്നെ ദക്ഷിണമേഖലാ ഐ. ജി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഹർത്താൽ നടത്തിയവർക്ക് ഇതിൽ എത്രമാത്രം പങ്കുണ്ട് എന്നുള്ളതുനോക്കി അതിനെതിരെ നിയമനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(3) മാവൂർ ഗ്രാസിം കമ്പനി അടച്ചു പൂട്ടിയതിനെ തുടർന്ന് തൊഴിലില്ലാതായ കരാർ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, 2001-ൽ അടച്ചു പൂട്ടിയ മാവൂർ ഗ്രാസിം കമ്പനി ഒരു വൻകിട വ്യവസായ സ്ഥാപനമാണ്. അവിടെ മാനേജുമെന്റ് അംഗീകരിച്ച 1384 കാഷ്വൽ കരാർ തൊഴിലാളികൾക്ക് കമ്പനി അടച്ചുപൂട്ടുന്ന സന്ദർഭത്തിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ആയിരുന്നില്ല. മാവൂർ ഗ്വാളിയർ റെയോൺസിന്റെ വളർച്ചയിൽ കോടിക്കണക്കിന് രൂപ ലാഭം ഉണ്ടാക്കുന്ന കാര്യത്തിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുള്ള തൊഴിലാളികളാണ്. ആ കരാർ കാഷ്വൽ തൊഴിലാളികൾ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സമരത്തിലാണ്. സമരം ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കെതിരെ പോലീസും റവന്യൂ ഡിപ്പാർട്ടുമെന്റും നിരവധി കേസുകൾ കൊടുത്തിട്ടുണ്ട്. കള്ളക്കേസുകളാണ് അതിൽ ഏറ്റവും കൂടുതൽ ഉള്ളത്. തൊഴിൽ വകുപ്പ് മുൻകൈ എടുത്തുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുമെന്നാണ് ഇപ്പോഴും തൊഴിലാളികൾ പ്രതീക്ഷിക്കുന്നത്. നിരവധി കോൺഫറൻസുകൾ നടത്തിയെങ്കിലും ഗ്വാളിയർ റയോൺസ് മാനേജുമെന്റ്

LIBRARY ARCHIVES Kerala Legislative Assembly